ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്ന ഹരിജനങ്ങൾ.

285. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മൊത്തം എത്ര ഗവണ്മെൻറ് ഹൈസ്കൂളുകളും, മാനേജ്മെൻറ് ഹൈസ്കൂളുകളും ഉണ്ട് ;

(ബി) ഈ ഓരോ ഹൈസ്കൂളുകളിലും മൊത്തം എത്ര പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഉള്ള വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ;

(സി) ഓരോ ഹൈസ്കൂളിലും പഠിക്കുന്ന അവശക്രിസ്ത്യാനികൾ എത്ര;

(ഡി) ഈ ഹൈസ്കൂളുകളിൽ ഓരോന്നിലും എത്ര പുലയർ, പറയർ, കുറവർ, തണ്ടാർ എന്നിവർ വീതം പഠിക്കുന്നുണ്ട് ;

(ഈ) മേൽ പറഞ്ഞ പുലയരും, പറയരും, കുറവരും, തണ്ടാരും എതെല്ലാം ക്ലാസുകളിലാണ് പഠിക്കുന്നത് ?

ഉത്തരം.

(എ) ഗവണ്മെൻറ് ഹൈസ്കൂളുകൾ 313
മാനേജ്മെൻറ് ഹൈസ്കൂളുകൾ 695.

(ബി to ഈ) വിവരം ശേഖരിച്ചുവരുന്നു.

ഡാക്കുടെ നിയമനം.

286. [5] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ മേപ്പയൂർ ഗവണ്മെൻറ് ഡിസ്പെൻസറിയിൽ ഒരു ഡാക്കുറെ സ്ഥിരമായി നിയമിക്കാത്തത് എന്തുകൊണ്ടാണ് ;

(ബി) അവിടെ കൂടുതൽ സ്ഥലവും ബെഡ്ഡുകളും ആവശ്യമാണെന്നതിനെ സംബന്ധിച്ച് വല്ല നടപടിയും അംഗീകരിച്ചോ ;

(സി) സ്ഥലം വിലയ്ക്കുവാങ്ങുവാനും കൂടുതൽ കെട്ടിടങ്ങളും ശുദ്ധജല വിതരണസൗകര്യവും കഴിയുന്നതും വേഗത്തിൽ ഒരുക്കുവാനും വേണ്ട നടപടികൾ അംഗീകരിക്കുമോ ?

ഉത്തരം.

(എ) 12-9-1963-ൽ മേപ്പയൂർ ഡിസ്പെൻസറിയിൽ സ്ഥിരമായി ഒരു ഡാക്കുറെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പണദൗർലഭ്യത്താൽ ഈ സാമ്പത്തികവർഷത്തിൽ നടപടിയെടുക്കാൻ നിവൃത്തിയില്ല.

ഹെൽത്ത് സെൻറർ.

287. [12] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ പാറക്കടവു ബ്ലോക്കിൽ ഹെൽത്ത് സെൻറർ താൽക്കാലികമായി ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി പൂർത്തിയായോ ,

(ബി) ഇല്ലെങ്കിൽ എന്നത്തേക്കു പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) പൂത്തിയായിട്ടില്ല.

(ബി) തീർച്ച പറയാൻ നിവൃത്തിയില്ല. ആവശ്യമായ നടപടികളും എടുത്തു വരികയാണു്.

പുതിയ വാർഡു്.

288. [22] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ഗവണ്മെൻറാശുപത്രിയോടനുബന്ധിച്ചു് പുതുതായി നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വാർഡിൻെറ പണി ഇനിയും ആരംഭിക്കാതിരിക്കുന്നതെന്തുകൊണ്ടാണു് ;

(ബി) അതിനുള്ള അഡ്മിനിസ്ട്രേറ്റീവു് സാങ്ഷൻ ഇതുവരെ കൊടുത്തിട്ടില്ലേ ;

(സി) ഇതിനാവശ്യമായ സാങ്ഷൻ നല്കി ഉടനെ ഈപണി ആരംഭിക്കുവാൻ ദയവായി നടപടികളെടുക്കുമോ ?

ഉത്തരം.

(എ) പുതിയ ഔട്ടുപേഷ്യൻറു് ബ്ലോക്കിൻെറ പണി ഇക്കൊല്ലം ആരംഭിക്കുന്നതാണു്.

(ബി) കൊടുത്തിട്ടുണ്ടു്.

(സി) ഉദിക്കുന്നില്ല.

പ്രൈമറി ഹെൽത്തു സെൻറർ.

289. [23] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ബ്ലോക്കിനു കീഴിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള പ്രൈമറി ഹെൽത്തു സെൻറർ ആരംഭിക്കുന്നതിനു് എന്തുകൊണ്ടാണു് കാലതാമസം നേരിടുന്നതു് ;

(ബി) ഇതിലേക്കു് വിട്ടുതന്നിട്ടുള്ള റെൻറു് ഫ്രീ ബിൽഡിംഗിൽ ഉടനെ ഈ സെൻറർ ആരംഭിക്കാൻ ദയവായി നടപടികളെടുക്കുമോ ?

ഉത്തരം.

(എ) ഈ സ്കീമിനെ സംബന്ധിച്ചുള്ള ഒരു വിശദമായ റിപ്പോർട്ടു് ഹെൽത്തു സർവ്വീസസു് ഡയറക്ടറോടു് ആവശ്യപ്പെട്ടിരിക്കയാണു്. അതു കിട്ടിയാലുടനെ തന്നെ വേണ്ട നടപടികളും എടുക്കുന്നതാണു്.

(ബി) നടപടികളെടുത്തുവരികയാണു്.

9 A. M.] **Mr. Speaker** : Order, order, question hour is over.

ADJOURNMENT MOTION

Closure of Spinning and Weaving factory at Kulappuram.

Mr. Speaker: The hon. Minister for Transport and Labour may now enlighten the House on the facts concerning the Adjournment Motion of Shri N. E. Balaram.

LIBRARY ARCHIVES Kerala Legislative Assembly